17. ഇക്ബാൽ കോളേജ്, പെരിങ്ങമല

18. മന്നാനിയ കോളേജ്, പാങ്ങോട്

19. എം. എസ്. എം. കോളേജ്, കായംകുളം

20. ക്രിസ്ത്യൻ കോളേജ്, കാട്ടാക്കട

21. എൻ. എസ്. എസ്. ഹിന്ദു കോളേജ്, ചങ്ങനാശ്ശേരി

22. ഡി. ബി. കോളേജ്, പരുമല

23. എൻ. എസ്. എസ്. കോളേജ്, പന്തളം

24. കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട

25. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, വയനാട് എന്നീ കോളേജുകളിൽ വിദ്യാർത്ഥി സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 83 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. 52,750 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ

*20 [290] ശ്രീ. എം. എ. ചന്ദ്രശേഖരൻ:

,, എൻ. ഡി. അപ്പച്ചൻ:

,, പി. ജെ. ജോയി:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതുമൂലം അവർ അദ്ധ്യാപകരായുള്ള സ്കൂളുകളിൽ എന്തെങ്കിലും പ്രശ്നം സൃഷ്ടിക്കപ്പെടുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇങ്ങനെ എത്ര പേർ ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ വിവിധ തലങ്ങളിലെ കമ്മിറ്റികളിൽ അംഗങ്ങളായും വിവിധ കമ്മിറ്റികളുടെ അദ്ധ്യക്ഷൻമാരായും സഹകരണ ബാങ്കുകളിലെ എക്സിക്യൂട്ടീവ് അംഗങ്ങളായും സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രവർത്തിക്കേണ്ടിവരാറുണ്ട്. ഇതിന്റെ ഭാഗമായി വിവിധ മീറ്റിംഗുകളിൽ അദ്ധ്യാപകർക്ക് പങ്കെടുക്കേണ്ടി വരികയും അതിന്റെ ഫലമായി പഠിപ്പിക്കുന്നതിന് വേണ്ടത്ര സമയം ലഭിക്കാതെ വരികയും ചെയ്യാറുണ്ട്. ഈ സ്ഥിതിവിശേഷം സ്കൂളിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാറുണ്ട്.

(സി) കൃത്യമായ കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

റവന്യൂ രേഖകളുടെ കംപ്യൂട്ടർവൽക്കരണം

*21 [291] ശ്രീ. ടി. കെ. ബാലൻ:

,, മഞ്ഞളാംകുഴി അലി:

,, കെ. കെ. ജയചന്ദ്രൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റവന്യൂ രേഖകളുടെ കംപ്യൂട്ടർവൽക്കരണ പരിപാടിയുടെ പുരോഗതി വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്താകെയുള്ള എത്ര വില്ലേജുകളിൽ ഈ പരിപാടി നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടുണ്ട്;

(സി) റവന്യൂരേഖകളുടെ എത്ര ശതമാനമാണ് കംപ്യൂട്ടർവൽക്കരണ പരിപാടിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളത്;

(ഡി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ കഴിയാതെ വസ്തു ഉടമകൾ വിഷമിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഈ രേഖകൾ ഹാജരാക്കാൻ സമയം ദീർഘിപ്പിച്ചു നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും റവന്യൂ രേഖകളുടെ കംപ്യൂട്ടർവൽക്കരണം ധൃതഗതിയിൽ നടന്നുവരുന്നു. 2004 മാർച്ച് 31-നകം പൂർത്തീകരിക്കത്തക്ക രീതിയിലാണ് ജോലികൾ നടന്നുവരുന്നത്. മലപ്പുറം, കൊല്ലം ജില്ലകളിൽ ഡാറ്റാ എൻട്രി പൂർത്തീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly